കേരള കാർഷിക സർവ്വകലാശാല
ജില്ലാ കാർഷിക കാലാവസ്ഥ യൂണിറ്റ്
കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്
ഫോൺ0466 2212279 ഇമെയിൽ: kvkpalakkad@kau.in

# കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ

## പാലക്കാട്

കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ്. 87/2023 ( ചൊവ്വാഴ്ച )** **തീയ്യതി: 31.10.2023**

### അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം

| കാലാവസ്ഥാ ഘടകങ്ങൾ | 01.11.2023 | 02.11.2023 | 03.11.2023 | 04.11.2023 | 05.11.2023 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 12 | 11 | 8 | 10 | 8 |
| ഉയർന്ന താപനില (°C) | 33 | 35 | 35 | 35 | 35 |
| കുറഞ്ഞ താപനില (°C) | 26 | 26 | 26 | 26 | 26 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 86 | 86 | 92 | 92 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 62 | 62 | 64 | 72 | 74 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 2 | 2 | 2 | 2 | 2 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 230 | 50 | 90 | 90 | 20 |
| മേഘവ്യാപ്തി (ഒക്ട) | 8 | 8 | 8 | 8 | 8 |

- ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിൻറെ പ്രവചനമനുസരിച്ചു ജില്ലയിൽ വരും ദിവസങ്ങളിൽ മിതമായ മഴ പ്രതീക്ഷിക്കുന്നു. കൂടിയ താപനില **35°C** വരെയും കുറഞ്ഞ താപനില **25°C** വരെയും പ്രതീക്ഷിക്കുന്നു.

### പൊതു നിർദ്ദേശങ്ങൾ:

- മണ്ണ് പരിശോധന അടിസ്ഥാനത്തിൽ വേണം വളപ്രയോഗം നടത്താൻ. അമ്ളാംശം കൂടിയ മണ്ണിൽ നിന്ന് വിളകൾക്ക് പോഷകങ്ങൾ വലിച്ചെടുക്കാൻ സാധിക്കാത്തതിനാൽ ആവശ്യാനുസരണം കുമ്മായം ചേർത്ത് 10 ദിവസത്തിന് ശേഷം മാത്രമേ വളപ്രയോഗം നടത്താവൂ.

### കാർഷിക നിർദ്ദേശങ്ങൾ

- നെല്ല്
- നെൽപാടങ്ങളിൽ ഗാളീച്ചയുടെ ആക്രമണം കണ്ടുവരുന്നു. നടുനാമ്പ് വെള്ളി നിറത്തിലുള്ള കുഴൽ പോലെ രൂപപ്പെടുന്നതാണ് ഇതിന്റെ ലക്ഷണം. ആക്രമണം കണ്ടുവരുന്ന പാടങ്ങളിൽ ഫിപ്രോനിൽ 0.3G ഒരു ഏക്കറിന് 6 കിലോഗ്രാം എന്ന തോതിൽ ഇട്ടു കൊടുക്കുക.



- നെല്ല്
- നെൽപ്പാടങ്ങളിൽ ഇലചുരുട്ടിപ്പുഴുവിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇതിനു മുൻകരുതലായി പറിച്ചു നട്ടു മൂന്നാമത്തെ ആഴ്ച മുതൽ ട്രൈക്കോഗ്രമ്മ കൈലോണിസ്ന്റെ മുട്ടക്കാർഡുകൾ **5** ആഴ്ച തുടർച്ചയായി ഏക്കറിന് **2cc** എന്ന കണക്കിൽ വച്ചുകൊടുക്കുക. ആക്രമണം ശ്രദ്ധയിൽപ്പെട്ടാൽ ബാസിലസ്സ് തുറിഞ്ചിയൻസിസിൻറെ അനുയോജ്യമായ ഫോർമുലേഷൻ **1g** ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ശർക്കര ചേർത്ത് തളിക്കുക.



## ചേന

- മഴക്കാലത്തു ചേനയിൽ കടചീയൽ രോഗം വരാൻ സാധ്യതയുണ്ട്. കടഭാഗത്തു ചീഞ്ഞു വരുകയും ഇലകൾ മഞ്ഞ നിറത്തിൽ ആകുകയും ചെയ്യുന്നതാണ് ഇതിന്റെ ലക്ഷണം. ഇത് തടയുന്നതിനായി 20 ഗ്രാം ട്രൈക്കോഡെർമ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ അല്ലെങ്കിൽ കോപ്പർ ഓക്സി ക്ലോറൈഡ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തടത്തിൽ ഒഴിച്ച് കൊടുക്കുക.



## കന്നുകാലി

- മഴക്കാലമായതിനാൽ കന്നുകാലികളിൽ ശ്വാസകോശ സംബന്ധമായ അണുബാധ ഉണ്ടാകാനിടയുള്ള സമയമാണിത്. നേരുത്തേ തന്നെ ലക്ഷണങ്ങൾ തിരിച്ചറിയുകയും അതനുസരിച്ചുള്ള ചികിത്സ നേടേണ്ടതുമാണ്.